നിർണ്ണയിക്കുക. നിലവിലുള്ള കരട് റോഡ് സേഫ്റ്റി ബില്ലിന്റെ ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നു. അതാണ് ബഹുമാനപ്പെട്ട അൻവർ സാദത്ത് ഉന്നയിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് അത് സംസ്ഥാനങ്ങളുടെ പൊതുതാൽപ്പര്യങ്ങളെ വളരെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് ഈ ബില്ലിനകത്ത് തിരുത്തലുകൾ ഉണ്ടായേ മതിയാകൂ. ഷെഡ്യൂൾ ചെയ്ത് ചെയ്യുന്നതുകൊണ്ട് സംസ്ഥാനത്തിനുള്ള അധികാരം മുഴുവനും കവർന്നുപോകുന്നു. അതിനോട് യോജിക്കാൻ കേരള സംസ്ഥാനത്തിന് കഴിയില്ല എന്നുള്ള കേരള ഗവൺമെന്റിന്റെ ഒപ്പീനിയൻ ശ്രീ. നിഥിൻ ഗഡ്കരി വിളിച്ചുകൂട്ടിയ യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇതൊരു പ്രമേയമായി കൊണ്ടുവരാൻ കഴിയുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് ബി.എ.സി. യാണ് തീരുമാനിക്കുന്നത്. ഇതുപോലൊരു സഭയിൽ ഞാൻ ഏകപക്ഷീയമായി പറയേണ്ട കാര്യമല്ല. പ്രമേയം കൊണ്ടുവരണമെന്നുള്ളത് കക്ഷി നേതാക്കൻമാർ എല്ലാവരും കൂടി ആലോചിക്കണം. ബി.എ.സി. അതിനൊരു ടൈം തരണം. സഭ തീരാൻ ഇനി ഒരു ദിവസംകൂടി മാത്രമെയുള്ളൂ. അങ്ങനെ ഒരു ടൈം അലോട്ട് ചെയ്ത് ലഭിക്കുകയാണെങ്കിൽ പ്രമേയം കൊണ്ടുവരണമെന്നുള്ള കാര്യത്തിൽ ഡിപ്പാർട്ട്മെന്റിനും ഗവൺമെന്റിനും ഒരേ അഭിപ്രായമാണുള്ളത്.

(16) വിഭിന്നശേഷിയുള്ളവരുടെ സുരക്ഷ ഉറപ്പാക്കൽ

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, സംസ്ഥാനത്ത് വിഭിന്നശേഷിയുള്ള ആളുകൾക്ക് സഹായകരമാകുന്ന സൗകര്യങ്ങൾ പൊതു സ്ഥലങ്ങളിലും, ആശുപത്രി, സ്കൂളുകൾ, വ്യാപാര സമുച്ചയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലും സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചെങ്കിലും ഇത് മിക്ക സ്ഥലങ്ങളിലും നടപ്പിലാക്കി കാണുന്നില്ല. വീൽ ചെയർ, റാമ്പുകൾ, പ്രത്യേക സൗകര്യമുള്ള ടോയ്ലെറ്റുകൾ ഇവയൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. സ്വന്തമായി ചലിക്കുവാൻ പോലും കഴിവില്ലാത്ത ഇവരെ സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള ആളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, 1995-ലെ Persons with Disabilities Act-ലെ വ്യവസ്ഥകളനുസരിച്ച് വിഭിന്ന

LIBRARY ARCHIVES Kerala Legislative Assembly

ശേഷിയുള്ള ആളുകൾക്കായുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ബിൽഡിംഗ് റൂളിൽ ഭേദഗതി വരുത്തുകയും 2011-ന ശേഷം നിർമ്മിക്കുന്ന എല്ലാ ബഹുനില മന്ദിരങ്ങളിലും ലിഫ്റ്റ്, റാമ്പ്, അഡാപ്റ്റീവ് ടോയ്ലറ്റ് എന്നീ സൗകര്യങ്ങളുണ്ടോയെന്ന് നിർബന്ധമായും ഉറപ്പാക്കിയതിനുശേഷവും മാത്രമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 2011-നുമുമ്പുള്ള കെട്ടിടങ്ങളിൽ 1000 സ്ക്വയർ മീറ്ററിലധികം അളവുള്ള പ്രതലങ്ങൾ ബാരിയർ ഫ്രീയാക്കാനും വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്നതിന് സൗകര്യമുള്ള അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കാനും നടപടികൾ കൈക്കൊണ്ടുവരുന്നു. സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്ട്, ചീഫ് എഞ്ചിനീയർ, വികലാംഗ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട സംസ്ഥാന ഉന്നതതല സമിതി ഈ വിഷയം അവലോകനം നടത്തിവരുന്നു. ജില്ലാതലസ്ഥാനങ്ങൾ, സിവിൽ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ എന്നിവിടങ്ങൾ വികലാംഗ സൗഹൃദമാക്കുന്നതിലേക്കായി ജില്ലകളിലെ വകുപ്പ് മേധാവികളുടെ യോഗം എല്ലാ ജില്ലകളിലും വിളിച്ചുകൂട്ടി ആക്സസ് ഓഡിറ്റ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലസ്ഥാനങ്ങളിൽ വിഭിന്ന ശേഷിയുള്ളവർ എത്തുന്ന പൊതുസ്ഥലങ്ങളിൽ ബാരിയർ ഫ്രീ അല്ലാത്ത കെട്ടിടങ്ങളുടെ കണക്കെടുപ്പ് നടത്തുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ access for whole എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. കലാലയങ്ങൾ, സ്കൂൾ, മറ്റ് സ്കൂളുകൾ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ വിഭിന്ന ശേഷിയുള്ളവരുടെ വീൽ ചെയർ കടന്നെത്തുന്ന അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ഭാരതത്തിലാദ്യമായി ക്ലേശരഹിത സഞ്ചാര സൗകര്യം ഉറപ്പാക്കുന്നതിനുള്ള ബ്രോഷറുകൾ കമ്മീഷണറേറ്റിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഈ കേന്ദ്രവുമായി ടേക്ക്-അപ് ചെയ്ത് കണ്ണൂർ ജില്ല പൈലറ്റ് പ്രോജക്ടായി സമ്പൂർണ്ണ ആക്സസ് ഫ്രീയായിട്ടുള്ള ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതുസംബന്ധിച്ച് ജില്ലാ കളക്ടറുമായുള്ള യോഗം പഞ്ചായത്ത് അധികൃതരുമായി അടുത്ത ആഴ്ച ചേരുന്നതാണ്.

(17) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായി അനേകം വർഷം സേവനമനുഷ്ഠിച്ച പഞ്ചായത്ത് അംഗങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly